**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3690** **09-10-2025 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിൽ വിള ഇൻഷ്വറൻസ് കുടിശിക നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തവരിൽ വിളനാശം സംഭവിച്ച മുഴുവൻ കർഷകർക്കും ഇൻഷ്വറൻസ് ആനുകൂല്യം നൽകാനായിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **തൃശ്ശൂർ ജില്ലയിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 30.05.2024 തീയതി വരെയുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരത്തുകയായി 10,65,42,911/- രൂപ 5778 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്.** |
| (ബി) | തൃശ്ശൂർ ജില്ലയിൽ വിള ഇൻഷ്വറൻസ് ഇനത്തിൽ കുടിശികയുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | **തൃശ്ശൂർ ജില്ലയിൽ വിള ഇൻഷ്വറൻസ് ഇനത്തിൽ 2,65,00,191/- രൂപ (1632 കർഷകർക്ക്) കുടിശ്ശിക ഉണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |
| (സി) | മണലൂർ നിയോജക മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നാശനഷ്ടം സംഭവിച്ച എത്ര കർഷകർക്ക് ഇതുവരെ ഇൻഷ്വറൻസ് ആനുകൂല്യം വിതരണം ചെയ്തെന്നും അറിയിക്കാമോ; കുടിശികയുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (സി) | **മണലൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 17185 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നാശനഷ്ടം സംഭവിച്ച 623 കർഷകർക്ക് ഇതു വരെ ഇൻഷ്വറൻസ് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. 169 കർഷകർക്ക് 23,12,202/- രൂപ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്.** |
| (ഡി) | വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഈ സർക്കാറിന്റെ കാലത്ത് നാളിതുവരെ എത്ര രൂപ വിതരണം ചെയ്തെന്ന് അറിയിക്കാമോ? | (ഡി) | **സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് നാളിതു വരെ 1,40,13,316/- രൂപ വിതരണം ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ